**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3394** **01-03-2023 - ൽ മറുപടിയ്ക്ക്**

**നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | കേന്ദ്ര വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന്റെ 08.09.1993 ലെ 36012/22/93 ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് സാക്ഷ്യപത്രം അനുവദിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ 01/01/2015 ലെ G.O.(P) No. 1/2015/BCDD പ്രകാരമാണ് സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്. |
| (ബി) | മാതാപിതാക്കളിൽ രണ്ട് പേരും ക്ലാസ് 2 തസ്തികയിൽ ജോലി ചെയ്യുന്നവെങ്കിലും അവരിൽ ഒരാൾക്ക് ക്ലാസ് 2 തസ്തികയിലേക്ക് നേരിട്ട് നിയമനം ലഭിച്ചത് 40 വയസ്സിന് ശേഷമാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് നോൺക്രീമിലയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച നിർദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | മാതാപിതാക്കൾ രണ്ട് പേരും ക്ലാസ്സ് 2 തസ്തികയിലേക്ക് നേരിട്ട് പ്രവേശനം ലഭിച്ചവരാണെങ്കിൽ അവരുടെ മക്കൾക്ക് സംവരണാനുകൂല്യം ലഭിക്കുകയില്ലെന്നാണ് സർക്കാർ ഉത്തരവിലും മെമ്മോറാണ്ടത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. നേരിട്ടുള്ള നിയമനത്തിന്റെ കാര്യത്തിൽ വയസ്സിന്റെ കാര്യം പരാമർശിക്കുന്നില്ല. നിലവിലെ ഉത്തരവുകൾ അനുസരിച്ച് മാതാപിതാക്കൾ രണ്ട് പേരും ഏത് പ്രായത്തിലാണ് നേരിട്ട് ക്ലാസ് 2 തസ്തികയിൽ പ്രവേശിച്ചതെങ്കിലും അവരുടെ മക്കൾക്ക് സംവരണാനുകൂല്യം ലഭിക്കുകയില്ല. |

സെക്ഷൻ ഓഫീസർ